വർഷത്തിൽ കേരളത്തിലെ വിവിധ പഞ്ചായത്തുകളിലായി 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് 72.758 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന പഞ്ചായത്തുകളിലും ഈ പദ്ധതി പ്രകാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം 163 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(സി) ഓരോ പഞ്ചായത്തിലും പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അതാത് എം.എൽ.എ. മാർ ശിപാർശ ചെയ്യുന്ന കുളങ്ങളാണ് തെരഞ്ഞെടുക്കുന്നത്. കുളങ്ങളുടെ വിസ്തീർണ്ണം, അവസ്ഥ, ഉപയോഗം, ഫണ്ടിന്റെ ലഭ്യത മുതലായവ പരിഗണിച്ചാണ് നവീകരണത്തിനുള്ള തുക നിശ്ചയിക്കുന്നത്. പ്രവൃത്തിക്കാവശ്യമായ തുകയ്ക്ക് പരിധിയില്ല.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

118 (2327) ശ്രീ.സാജു പോൾ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലക്ഷാമം പരിഹരിക്കാനുമായി പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കാൻ സാധിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ;

(സി) ചെറുതും വലുതുമായ സ്വകാര്യ-പൊതു കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനായി 72.758 കോടി രൂപ അനുവദിച്ചിരുന്നു. ഇതുവരെ 163 കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുകുളങ്ങളും ജലാശയങ്ങളും നവീകരിക്കുന്നതിനായി ആർ.ആർ.ആർ. സ്കീം, ഒരു പഞ്ചായത്തിൽ ഒരു കുളം എന്നീ പദ്ധതികൾ പ്രകാരം ജലസേചന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന് കീഴിൽ സ്വകാര്യ പൊതുകുളങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നിവയുടെ ധനസഹായത്തിൽ ഉൾപ്പെടുത്തിയും കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

119 (2328) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ നിന്ന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിൽ ഏതെല്ലാം കുളങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR (Repair, Renovation and Restoration of Pond) പദ്ധതിയിൽ കുട്ടനാട്ടിലെ ഏതെല്ലാം കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട്ടിൽനിന്നും 4 കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ

1. ചെറുകര ക്ഷേത്രം/ഹൈസ്കൂൾ കുളം
2. കരിക്കാവിൽ കുളം (വാർഡ് നമ്പർ. 9)
3. വക്കയചേരിക്കുളം
4. മൂലത്തറകുളം

(ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR (Repair, Renovation and Restoration of Pond) പദ്ധതിയിൽ ഇതുവരെ കുട്ടനാട്ടിലെ കുളങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

120 (2329) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം എത്ര കുളങ്ങളാണ് പുനരുദ്ധരിക്കുന്നത് ;

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ എത്ര കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly